പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1535 21/01/2014-ലെ മറുപടിക്ക്

ക്ഷീരസഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. നാണു | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് സർക്കാർ നൽകുന്നത് ; | (എ)& (സി) ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി ക്ഷീരവികസന വകുപ്പ് നടപ്പ വർഷം 1490 ലക്ഷം രൂപയുടെ "ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര സംഘം പ്രതിനിധികൾക്കും ബോർഡ് മെമ്പർമാർക്കും ട്രയിനിംഗ്, മിൽക്ക് കളക്ഷൻ റൂം നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ധനസഹായം, പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾക്കും പ്രവർത്തനരഹിതമായ സംഘങ്ങൾക്കും (പ്രവർത്തനം പുനരാരംഭിക്കുന്നതിനായി) ധനസഹായം, ആവശ്യാധിഷ്ഠിത ധനസഹായം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം, 50 ക്ഷീര സഹകരണ സംഘങ്ങളിൽ ക്ഷീരകർഷകർക്കാവശ്യമായ വിവരങ്ങൾ ഉടനടി ലഭ്യമാക്കുവാനായി ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ, ഫാർമർ ഇൻഫർമേഷൻ കം ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കൽ, ക്ഷീരസഹകരണ സംഘങ്ങൾക്ക് മിൽക്ക് പ്രോസസിംഗ്/ ചില്ലിംഗ്/പാക്കിംഗ്/ കാലിത്തീറ്റ യൂണിറ്റ് എന്നിവയ്ക്ക് ധനസഹായം ,മിൽമയുടെ പാൽ സംഭരണ റൂട്ടിലേക്ക് പാൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ചിലവിന് ക്ഷീരസംഘങ്ങൾക്ക് ധനസഹായം എന്നിങ്ങനെയുള്ള സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീരസഹകരണ ഫെഡറേഷന്റെ പ്രവർത്തനത്തിനായി 400 ലക്ഷം രൂപ ധനസഹായമായി തന്ന് വർഷം വകയിരുത്തി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) വടകര അസംബ്ലി മണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റി, ചോറോട്, ഏറാമല, ഒഞ്ചിയം, അഴിയൂർ എന്നീ മേഖലകളിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) 7 എണ്ണം. |
| (സി) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ക്ഷീര വകുപ്പ് നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**